# ഗ്രാമന്യായാലയ കോടതി, പെരിനാട്

## ഹാജർ :ശ്രീ.അനീഷ് ബാബു എം.ബി,ന്യായാധികാരി

### 2026-ാം ആണ്ട് ജൂൺ മാസം 05-ാം തീയതി

## ST No. 1295/2017

| | |
|---|---|
| പരാതിക്കാരൻ | സർക്കാരിനെ പ്രതിനിധീകരിച്ച് കുണ്ടറ പോലീസ് സബ്ബ് ഇൻസ്പെക്ടർ.<br>(അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ പെരിനാട് മുഖേന) |
| പ്രതി | അൻസർ, വയസ്സ് 33, S/o ബഷീർ,<br>ചാർത്തുവിള പുത്തൻ വീട്, പുനുക്കന്നൂർ ചേരി,<br>കൊറ്റങ്കര വില്ലേജ്.<br>(അഡ്വ.അമ്പിളി കെ ആർ മുഖേന) |
| കുറ്റം | ഇൻഡ്യൻ ശിക്ഷാ നിയമം 294(b),447,427 വകുപ്പുകൾ |
| പ്രതിയുടെ വാദം | കുറ്റം ചെയ്തിട്ടില്ല. |
| കണ്ടെത്തൽ | കുറ്റക്കാരനല്ല. |
| ശിക്ഷാവിധി | ക്രിമിനൽ നടപടി നിയമ സംഹിത 255 (1) വകുപ്പ് പ്രകാരം പ്രതിയെ കുറ്റവിമുക്തനാക്കുന്നു. |

**പ്രതിയുടെ വിവരണം**

| പോലീസ് സ്റ്റേഷൻ : കുണ്ടറ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ : 2021/2013 | | | | | |
|---|---|---|---|---|---|
| Sl. No. | പേര് | വയസ്സ് | അച്ഛന്റെ പേര് | മേൽവിലാസം | പ്രവർത്തി |
| 1. | അൻസർ | 33/13 | ബഷീർ | ചാർത്തുവിള പുത്തൻ വീട്, പുനുക്കന്നൂർ ചേരി, കൊറ്റങ്കര വില്ലേജ് | -- |

**തിയ്യതികൾ**

| സംഭവം നടന്ന തീയതി | പരാതി-പ്പെട്ട തീയതി | പ്രതികളെ അറസ്റ്റ് ചെയ്ത തീയതി | ജാമ്യത്തിൽ വിട്ട തീയതി | കമ്മിറ്റ്മെന്റ് | വിസ്താരം ആരംഭിച്ച തീയതി | സാക്ഷി വിസ്താരം ആരംഭിച്ച തീയതി |
|---|---|---|---|---|---|---|
| 15.09.13 | 05.10.13 | -- | -- | -- | 10.09.25 | 24.03.26 |

| വിസ്താരം അവസാനിച്ച തീയതി | ശിക്ഷ/ ഉത്തരവ് | പ്രതിക്ക് വിധിന്യായത്തിന്റെ പകർപ്പ് നൽകൽ | കാലത്താമസത്തിന്റെ വിശദീകരണം | അന്വേഷണ കാലയളവിലോ അല്ലെങ്കിൽ വിചാരണ വേളയിലോ അനുഭവിച്ച തടങ്കൽ കാലയളവ്. S.428 Cr.P.C. പ്രകാരം |
|---|---|---|---|---|
| 02.06.26 | 05.06.26 | -- | -- | -- |

ഈ കേസ് 02.06.2026 ന് കോടതിയിൽ വിചാരണക്ക് വരുകയും അത് പ്രകാരം ഇന്നേ ദിവസം കോടതി ചുവടെ പറയുന്ന വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു

## വിധിന്യായം

കുറ്റാരോപിതന്റെ മേൽ കുണ്ടറ പോലീസ് സ്റ്റേഷൻ 2021/2013-ാം നമ്പർ കുറ്റകൃത്യ പ്രകാരം ഇൻഡ്യൻ ശിക്ഷാ നിയമം 294(b), 447, 427 വകുപ്പുകൾ അനുസരിച്ച് ശിക്ഷ ലഭിക്കാവുന്ന കുറ്റം ചെയ്തതായി ആരോപിച്ചിരിക്കുന്നു.

2. **<u>പ്രോസിക്യൂഷൻ കേസ് ചുരുക്കത്തിൽ</u>**:- ഒന്നാം സാക്ഷിയോടുള്ള മുൻവിരോധം നിമിത്തം ഒന്നാം സാക്ഷിയെ ചീത്തവിളിച്ച് ആക്ഷേപിക്കണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 15.09.2013-ാം തിയ്യതി 14.00 മണിക്ക് ഒന്നാം സാക്ഷിയും മറ്റും താമസിച്ചുവരുന്ന കുണ്ടറ - മുളവന അസ്ലാം മൻസിലിന്റെ മുൻവശം വീട്ടുമുറ്റത്ത് പ്രതി അതിക്രമിച്ചു കയറി തറയിൽ നിന്നും ഒരു കല്ലെടുത്ത് മുൻവശം ജനൽ പാളിയുടെ ഒരു ഗ്ലാസ് അടിച്ചു പൊട്ടിച്ചതിൽ വച്ച് 2000/- രൂപയുടെ നഷ്ടം സംഭവിക്കുന്നതിനിടയാക്കി ഇന്ത്യൻ ശിക്ഷാനിയമം 294(b),447,427 വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിരിക്കുന്നതായി ആരോപിച്ചിരിക്കുന്നു.

3. PW2 (CW1) നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ CW5 ക്രൈം നമ്പർ 2021/2013 ആയി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. കുണ്ടറ

പോലീസ് സ്റ്റേഷനിൽ നിന്നും അന്വേഷണം പൂർത്തിയാക്കി പ്രതിക്കെതിരെ അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട കൊല്ലം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി - I മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും, ആയത് ടി കോടതിയിൽ CC 1630/2015-ാം നമ്പർ ആയി ഫയലിൽ എടുത്തിയിട്ടുള്ളതുമാണ്. തുടർന്ന് കേസ് ഈ കോടതിയിലേക്ക് അയച്ചു കിട്ടിയിട്ടുള്ളതും, ST 1295/2017 ആയി പുനർ നമ്പർ ചെയ്യത് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

4. ഈ കോടതിയിൽ നിന്നും സമൻസ്സ് അയച്ചതിൻ പ്രകാരം പ്രതി ഹാജരായി ജാമ്യം എടുത്തിട്ടുള്ളതും ക്രിമിനൽ നടപടി നിയമം 207 പ്രകാരം പ്രസക്തമായ എല്ലാ പ്രോസിക്യൂഷൻ രേഖകളുടെയും പകർപ്പുകൾ നൽകുകയും ചെയ്തു. അതിനു ശേഷം ഇൻഡ്യൻ ശിക്ഷാ നിയമം 294(b) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യം നിലനിൽക്കില്ല എന്നു കണ്ട് ഇൻഡ്യൻ ശിക്ഷാ നിയമം 447,427 വകുപ്പുകൾ പ്രകാരം മാത്രം ശിക്ഷാർഹമായ കുറ്റകൃത്യത്തിന്റെ വിശദാംശങ്ങൾ വായിച്ചു കേൾ പ്പിക്കുകയും വിശദീകരിക്കുകയും ആയതു മനസ്സിലാക്കി പ്രതി കുറ്റം നിഷേധിക്കുകയും താൻ കുറ്റക്കാരനല്ല എന്ന് ബോധിപ്പിക്കുകയും ചെയ്തു.

5. പ്രതിയുടെ മേൽ ചാർത്തപ്പെട്ട ഇൻഡ്യൻ ശിക്ഷാ നിയമം 447 & 427 വകുപ്പുകൾ പ്രകാരമുള്ള കുറ്റം തെളിയിക്കുന്നതിന് വേണ്ടി പ്രോസിക്യൂഷൻ CW1 മുതൽ CW5 വരെയുള്ള സാക്ഷികളെ സാക്ഷിപട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു. CW3, CW1 എന്നീ സാക്ഷികളെ PW1, PW2 ആയി വിസ്തരിച്ചു. PW1 ഉം PW2 ഉം നൽകിയ തെളിവുകളുടെ അടിസ്ഥാനത്തിൽ, ശേഷിക്കുന്ന സാക്ഷികളുടെ തെളിവുകൾ പ്രോസിക്യൂഷന്റെ കേസ് വെച്ച് മെച്ചപ്പെടുത്താൻ കഴിയില്ലെന്ന് വിജ്ഞാനിയായ

അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർ മനസ്സിലാക്കി, ശേഷിക്കുന്ന കുറ്റപത്ര പ്രകാരമുള്ള സാക്ഷികളായ CW2, CW4 &CW5 എന്നിവരുടെ വിസ്താരം അദ്ദേഹം ഒഴിവാക്കി

6. തുടർന്ന് പ്രോസിക്യൂഷൻ തെളിവെടുപ്പ് അവസാനിപ്പിച്ചു. പ്രതിക്കെതിരായി ശക്തമായ തെളിവുകൾ ഒന്നും പ്രോസിക്യൂഷൻ ഹാജരാക്കാത്ത സാഹചര്യത്തിൽ ക്രിമിനൽ നടപടി നിയമം 1973 വകുപ്പ് 313(1)(b) പ്രകാരമുള്ള പ്രതിയുടെ വിസ്താരം നടത്തിയില്ല.

7. പ്രതിഭാഗം തെളിവുകൾ ഹാജരാക്കുന്നതിന് അവസരം നൽകിയെങ്കിലും തെളിവുകളൊന്നും ഹാജരാക്കിയില്ല.

8. <u>ചുവടെ ചേർക്കുന്ന കാര്യങ്ങൾ കേസിൽ പരിഗണിച്ചു</u> :-

1. പ്രതി 15.09.2013-ാം തിയ്യതി 14.00 മണിക്ക് ഒന്നാം സാക്ഷിയും മറ്റും താമസിച്ചുവരുന്ന കുണ്ടറ - മുളവന അസ്സാം മൻസിലിന്റെ മുൻവശം വീട്ടുമുറ്റത്ത് പ്രതി അതിക്രമിച്ചു കയറി തറയിൽ നിന്നും ഒരു കല്ലെടുത്ത് മുൻവശം ജനൽ പാളിയുടെ ഒരു ഗ്ലാസ് അടിച്ചു പൊട്ടിച്ചതിൽ വച്ച് 2000/- രൂപയുടെ നഷ്ടം സംഭവിക്കുന്നതിനിടയാക്കി ഇന്ത്യൻ ശിക്ഷാനിയമം 447,427 വകുപ്പുകൾ പ്രകാരം കുറ്റം ചെയ്തിട്ടുണ്ടോ?
2. കുറ്റാരോപിതനായ പ്രതി ആരോപിക്കപ്പെട്ട കുറ്റകൃത്യങ്ങളിൽ കുറ്റക്കാരനാണോ?
3. അങ്ങിനെയെങ്കിൽ, പാസാക്കേണ്ട ശിക്ഷ അല്ലെങ്കിൽ ഉത്തരവ് എന്താണ്?

9. **<u>പോയിന്റ് നമ്പർ. 1</u>** :- ഈ കേസിലെ തെളിവുകൾ PW1, PW2 എന്നീ സാക്ഷികളുടെ വാക്കാലുള്ള തെളിവ് മാത്രമാണ്. വിജ്ഞാനിയായ അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടറെയും, പ്രതിഭാഗത്തിന് വേണ്ടി വിജ്ഞാനിയായ അഭിഭാഷകനെയും കോടതി കേട്ടു. രേഖകൾ സൂക്ഷ്മമായി പരിശോധിച്ചു. അവരുടെ

വാദങ്ങൾ വിശദമായി വിശകലനം ചെയ്യുകയും ചെയ്തു.

10. ഈ കേസിൽ PW1 ആയി വിസ്തരിച്ച മൂന്നാം സാക്ഷിയുടെ മൊഴി പ്രകാരം കേസിനാസ്പദമായ സംഭവത്തെക്കുറിച്ച് അറിയില്ലായെന്നും സംഭവം നടന്ന തീയതി, വർഷം എന്നിവ അറിയില്ലായെന്നും ഒന്നാം സാക്ഷി ശൈലജയെ അറിയാമെന്നും ശൈലജയുടെ വീട്ടിൽ അതിക്രമിച്ചു കയറി നാശങ്ങൾ വരുത്താൻ ഇടയായ സംഭവം നേരിട്ട് കണ്ടില്ലായെന്നും പ്രതിയെ അറിയില്ലായെന്നും നാട്ടുകാരനും പരിചയക്കാരനുമായ പ്രതിയെ സഹായിക്കാൻ വേണ്ടി കോടതിയിൽ കളവായി മൊഴി നൽകുന്നതല്ലായെന്നും കോടതി മുമ്പാകെ മൊഴി നൽകി.

11. ഈ കേസിൽ PW2 ആയി വിസ്തരിച്ച ഒന്നാം സാക്ഷിയുടെ മൊഴി പ്രകാരം താൻ ഈ കേസിലെ പരാതിക്കാരിയാണെന്നും നാശനഷ്ടം സംഭവിച്ച വീട് തന്റെയാണെന്നും താൻ കുണ്ടറ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നുവെന്നും സംഭവത്തിന്റെ സമയവും തിയതിയും തനിക്ക് ഓർമ്മയില്ലായെന്നും സംഭവത്തിൽ കുറച്ച് പേരുണ്ടായിരുന്നുവെന്നും അവരെ ആരെയും തനിക്കറിയില്ലായെന്നും പ്രതിയെ സഹായിക്കാൻ വേണ്ടി കോടതിയിൽ കളവായി മൊഴി നൽകുന്നതല്ലായെന്നും PW2 കോടതി മുമ്പാകെ മൊഴി നൽകി.

12. മറ്റു സാക്ഷിയുടെ വിസ്താരം പ്രോസിക്യൂഷൻ കേസ് മെച്ചപ്പെടുത്തില്ല എന്ന് ബോധ്യം വന്നതിനാൽ വിജ്ഞാനിയായ അസിസ്റ്റൻറ് പബ്ലിക്പ്രോസിക്യൂട്ടർ CW2, CW4 & CW5 എന്നീ സാക്ഷികളെ വിസ്തരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. വിചാരണ ഭാഗം വിസ്തരിച്ച ദൃക്സാക്ഷികളായ PW1, PW2 എന്നിവരുടെ മൊഴികൾ പരിശോധിക്കുമ്പോൾ പ്രതിക്ക് എതിരായി ആരോപിച്ച കുറ്റം തെളിയിക്കത്തക്ക

തെളിവുകൾ യാതൊന്നും തന്നെ ലഭിച്ചിട്ടില്ല. ആയതിനാൽ പ്രതിക്കെതിരെയുള്ള കുറ്റം സംശയാതീതമായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടിരിക്കുന്നതിനാൽ പോയിൻറ് നമ്പർ 1 പ്രോസിക്യൂഷന് എതിരായി കണ്ടെത്തുന്നു.

13. <u>**പോയിന്റ് നമ്പറുകൾ 2 & 3 :-**</u> ഒന്നാമത്തെ പോയിന്റിൽ ഉണ്ടായ നിഗമനത്തിന്റെ അടിസ്ഥാനത്തിലും, പ്രോസിക്യൂഷൻ പ്രതിക്കെതിരെ ആരോപിച്ച കുറ്റകൃത്യം സംശയാതീതമായി തെളിയിക്കുന്നതിൽ പരാജയപ്പെട്ടതിനാലും, പ്രതിയെ ഇന്ത്യൻ ശിക്ഷ നിയമം 447, 427 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങളിൽ കുറ്റക്കാരനല്ലായെന്ന് കണ്ടെത്തുകയും ആയതിനാൽ പ്രതിയെ ക്രിമിനൽ നടപടി നിയമം 255(1) പ്രകാരം പ്രസ്തുത കുറ്റങ്ങളിൽ നിന്ന് കുറ്റവിമുക്തനാക്കുകയും ചെയ്യുന്നു. ജാമ്യ ഉടമ്പടി റദ്ദാക്കി പ്രതിയെ വിട്ടയക്കുന്നു.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന് പറഞ്ഞ് കൊടുത്തതുപ്രകാരം ടിയാൾ എഴുതി, തെറ്റുകൾ തിരുത്തുകയും തുറന്ന കോടതിയിൽ ഇന്നേദിവസം 05 -ാം തീയതി ജൂൺ മാസം, രണ്ടായിരത്തി ഇരുപത്തിആറാമാണ്ട് ഞാൻ ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
**ന്യായാധികാരി**
**പെരിനാട്**

<u>**ഉള്ളടക്കം**</u>

**വിസ്തരിച്ച സാക്ഷികളുടെ പട്ടിക.**

| പ്രോസിക്യൂഷൻ സാക്ഷികൾ എണ്ണം | പേര് | വിവരണം |
|---|---|---|
| PW1 | ഷീബ | ദൃക്സാക്ഷി |
| PW2 | ഷൈലജ | പരാതിക്കാരി |

| പ്രതിഭാഗം സാക്ഷികൾ എണ്ണം | പേര് | വിവരണം |
|---|---|---|
| | ഇല്ല | |

| കോടതി സാക്ഷികളുടെ എണ്ണം | പേര് | വിവരണം |
|---|---|---|
| | ഇല്ല | |

**<u>എക്സ്ബിറ്റുകളുടെ എണ്ണം</u>**

പ്രോസിക്യൂഷൻ തെളിവുകൾ

| എക്സ്ബിറ്റ് നമ്പർ | വിവരണം | തെളിയിക്കപ്പെട്ടത്/ സാക്ഷ്യപ്പെടുത്തിയത് ആരിലൂടെ |
|---|---|---|
| | ഇല്ല | |

പ്രതിഭാഗം തെളിവുകൾ :

| എക്സ്ബിറ്റ് നമ്പർ | വിവരണം | തെളിയിക്കപ്പെട്ടത് /സാക്ഷ്യപ്പെടുത്തിയത് ആരിലൂടെ |
|---|---|---|
| | ഇല്ല | |

കോടതി തെളിവുകൾ :

| എക്സ്ബിറ്റ് നമ്പർ | വിവരണം | തെളിയിക്കപ്പെട്ടത് /സാക്ഷ്യപ്പെടുത്തിയത് ആരിലൂടെ |
|---|---|---|
| | ഇല്ല | |

**മെറ്റിരിയൽ ഒബ്ജറ്റ്സ് :**

| മെറ്റിരിയൽ ഒബ്ജറ്റുകളുടെ എണ്ണം | വിവരണം | തെളിയിക്കപ്പെട്ടത് /സാക്ഷ്യപ്പെടുത്തിയത് ആരിലൂടെ |
|---|---|---|
| | ഇല്ല | |

ഒപ്പ്/-

**ന്യായാധികാരി**

**പെരിനാട്**

//ശരി പകർപ്പ്//

ഒപ്പ്/-

**ന്യായാധികാരി**

**പെരിനാട്**